**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 412** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ചുമതലയിൽ നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ചുമതലയിൽ നിലവിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>കേന്ദ്ര സർക്കാർ പദ്ധതികൾ</u>**

**<u>1. PMFME -</u>** ഭക്ഷ്യമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിലെ സംരംഭങ്ങളുടെ വിപുലീകരണത്തിനുമായി വായ്പാബന്ധിതമായി 35% സബ്സിഡിയോടെ പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>2. PMEGP-</u>**ഉത്പാദന സേവന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ ബന്ധിതമായി 25-35% സബ്സിഡിയോടെ SC/ST കാറ്റഗറി ഉൾപ്പെട്ടവർക്ക് പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>സംസ്ഥാന സർക്കാർ പദ്ധതികൾ</u>**

**<u>1. സംരംഭകത്വ സഹായ പദ്ധതി -</u>** ഉത്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിപുലീകരണത്തിനുമായി ബാങ്ക് വായ്പയോടു കൂടിയും അല്ലാതെയും 15-35% വരെ സബ്സിഡിയോടു കൂടി പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>2. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിട്സ്-</u>**ഉത്പാദന സേവന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ ബന്ധിതമായി 30-40% സബ്സിഡിയോടു കൂടി പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>3.വൺ ഫാമിലി വൺ എന്റർ പ്രൈസ് (OFOE) -</u>** ഉത്പാദന/സേവന/കച്ചവട മേഖലയിലെ പുതിയ സംരംഭങ്ങളിൽ 10 ലക്ഷം വരെയുള്ള ലോൺ തുകയ്ക്ക് 5 വർഷത്തേക്ക് പരമാവധി 6% പലിശയിളവ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**4. മിഷൻ 1000 (MSME Scale up) -**ഉത്പാദന-സേവന മേഖലയിൽ നിലവിൽ 3 വർഷമായി പ്രവർത്തിച്ച വരുന്ന സംരംഭങ്ങൾക്ക് വിപുലീകരണത്തിനായി സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40 ശതമാനം സബ്സിഡിയും പ്രവർത്തന മൂലധന വായ്പയുടെ 50 ശതമാനം പലിശ സബ്സിഡിയും നൽകികൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

**5.Assistance Scheme for Handicrafts Artisans (ASHA)-**കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്കായി സാമ്പത്തിക സഹായം നൽകുന്നു. സ്ഥിര നിക്ഷേപത്തിന്റെ 40-50% വരെ സബ്സിഡി നൽകുന്നു.

**6.സ്വകാര്യ വ്യവസായ പാർക്കുകൾ -** സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി, അതുവഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി, സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു. 10 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനുള്ള അനുമതിയും അഞ്ച് ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ, Standard Design Factory കൾക്കുള്ള അനുമതിയും നൽകി വരുന്നു.

**7. MSME INSURANCE -** ഉത്പാദന-സേവന വ്യാപാര മേഖലകളിൽപെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 5000 രൂപ) സബ്സിഡി നൽകുന്നു.

**8.ED(എന്റർപ്രേണർഷിപ്പ് ഡെവലപ്പ്മെന്റ്) ക്ലബ് -** സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നതിനായി യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലാസുകൾ ആരംഭിക്കുന്നതിനും, സംരംഭവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

കൂടാതെ നിലവിൽ LSGD തലത്തിൽ BDSP-മാരെ നിയമിക്കുകയും എല്ലാ വർഷവും സംരംഭകർക്കും, സംരംഭം ആരംഭിക്കുവാൻ താല്പര്യമുള്ളവർക്കും സംരംഭകത്വ അവബോധം സൃഷ്ടിക്കുന്നതിനുമായി GOT, EAP എന്നിവ പഞ്ചായത്ത് തലത്തിലും, INVESTORS MEET താലൂക്ക് തലത്തിലും നടത്തി വരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ അഭിവൃദ്ധിയും ഉന്നമനവും ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RAMP. ഈ പദ്ധതിയുടെ ഭാഗമായി MSME CLINIC, BANKERS MEET എന്നിവയും നടത്തി വരുന്നു. വ്യവസായ സംരംഭകർക്ക് വേണ്ട വിവിധ അനുമതികൾ ഏകജാലക സംവിധാനമായ K-SWIFT പോർട്ടൽ മുഖേനെ ലഭ്യമാക്കുന്നതിനു വേണ്ട എല്ലാ സഹായ സഹകരണവും ചെയ്തു വരുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് പുനലൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ

**മറുപടി:** കേന്ദ്രാവിഷ്കൃത പദ്ധതികളായ PMEGP, PMFME എന്നിവ വഴി അപേക്ഷ സമർപ്പിച്ച സംരംഭകർക്ക് സബ്സിഡി തുക ലഭ്യമാകുന്ന മുറയ്ക്ക് ആയത് അനുവദിച്ച നൽകി സംരംഭകർക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതികളായ ESS, ASHA, OFOE, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, സ്വകാര്യ വ്യവസായ പാർക്കുകൾ, MSME INSURANCE പദ്ധതി, ഇ.ഡി. ക്ലബ്ബുകൾ, വ്യവസായ പ്രദർശന വിപണന മേളകൾ തുടങ്ങി പദ്ധതികൾ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ആയത് അനുവദിച്ച് നൽകുന്നുണ്ട്. ധനസഹായം അനുവദിച്ച യൂണിറ്റുകൾ നിലവിൽ

പ്രവർത്തനക്ഷമമാണ്. 2022-2023 സാമ്പത്തിക വർഷം മുതൽ വർഷത്തിൽ 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംരംഭക വർഷ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. LSGD തലത്തിൽ BDSP മാരെ നിയമിച്ച് എല്ലാ വർഷവും സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**